Draft #4 of File 22523/AD A3/3/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 30-Nov-2019 11:16 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സർവ്വകലാശാല ഹെൽത്ത് സെന്ററിൽ കരാർ അടിസ്ഥാനത്തിൽ - ലാബ് ടെക്നിഷ്യനെ നിയോഗിച്ചുകൊണ്ടു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 6107/AD A 3/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 02.12.2019

---

പരാമർശം:-1) യു.ഒ.നം.7452/എ3/4/2018/ഭ.വി. തീയതി 20/10/2018.
2) 28/10/2019 ലെ മെമ്മോ നം.22523/ADA3/3/2019/ADMN.
3) 01/11/2019-ലെ ശ്രീമതി.പ്രീത ജോസഫ്-ന്റെ ജോയിനിംഗ് റിപ്പോർട്ട്.
4) ശ്രീമതി.പ്രീത ജോസഫ്-ന്റെ കരാർ ഉടമ്പടി.

**ഉത്തരവ്**

പരാമർശം (1) പ്രകാരം, സർവ്വകലാശാല ഹെൽത്ത് സെന്ററിൽ ലാബ് ടെക്നിഷ്യൻ തസ്തികയിൽ ഒരു വർഷ കാലയളവിലേക്ക് കരാർ അടിസ്ഥാനത്തിൽ പ്രതിമാസം ₹12,500/- (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) നിരക്കിൽ നിയോഗിച്ചിരുന്ന ശ്രീമതി പ്രതിഭാ എബ്രഹാമിനെ 02/08/2019 ൽ വിടുതൽ ചെയ്തു. ഇതേ തുടർന്ന് ശ്രീമതി പ്രതിഭ എബ്രഹാമിന് ശേഷം റാങ്ക് ലിസ്റ്റിലെ 4,5,6,7 സ്ഥാനങ്ങളിൽ ഉണ്ടായിരുന്നവർക്ക് നിയമന മെമ്മോ അയച്ചിരുന്നെങ്കിലും ടിയാളുകൾ ആരും തന്നെ നിശ്ചിത സമയ പരിധിയിൽ റിപ്പോർട്ട് ചെയ്യാതിരുന്നതിനെ തുടർന്ന് പരാമർശം (2) പ്രകാരം ലിസ്റ്റിലെ അടുത്ത ഉദ്യോഗാർത്ഥിയായ (എട്ടാം റാങ്കുകാരി) ശ്രീമതി പ്രീത ജോസഫ്, പെരികലത്തിൽ ഹൗസ്, കുടല്ലൂർ പി.ഒ., കോട്ടയം എന്നയാൾക്ക് മെമ്മോ അയക്കുകയും പരാമർശം (3) പ്രകാരം ടിയാൾ 01/11/2019ൽ സർവകലാശാല ഹെൽത്ത് സെന്ററിൽ ലാബ് ടെക്നിഷ്യൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും പരാമർശം (4) പ്രകാരം സർവ്വകലാശാലയുമായി കരാർ ഉടമ്പടിയിൽ ഒപ്പിടുകയും ചെയ്തു.

അതിനാൽ പരാമർശം (4) ലെ കരാർ വ്യവസ്ഥകൾ അനുസരിച്ച് ശ്രീമതി.പ്രീത ജോസഫ്-നെ സർവ്വകലാശാല ഹെൽത്ത് സെന്ററിൽ 01/11/2019 മുതൽ 31/10/2020 വരെ ₹12,500/- (പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) പ്രതിമാസവേതനത്തിൽ ഒരു വർഷത്തേയ്ക്ക് നിയോഗിക്കുന്നതിനായി വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

മേൽ ചെലവിലേക്കുള്ള തുക സർവ്വകലാശാല നടപ്പ് സാമ്പത്തിക വർഷ (2019-20)ബജറ്റിലെ "22 407 27 Payment to Contingent Employees" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

കരാർ കാലാവധിയിൽ ടിയാൾക്ക് പരമാവധി 12 ആകസ്മിക അവധികൾക്ക് മാസത്തിൽ ഒന്ന് എന്ന നിരക്കിൽ അർഹതയുണ്ട്. ഇപ്രകാരം അർഹതയുള്ള അവധി ആർജ്ജിച്ചിട്ടുണ്ടങ്കിൽ, അവ ഒരുമിച്ച് എടുക്കുന്നതിന് തടസമില്ല. എന്നാൽ അപ്രകാരം അവധി എടുക്കുമ്പോൾ, ഞായറാഴ്ചകളും പൊതു അവധി ദിനങ്ങളുമായി കൂട്ടി ചേർക്കുമ്പോൾ ആകെ അവധി ഒറ്റ തവണ ഏഴ് ദിവസത്തിൽ കൂടാൻ പാടുള്ളതല്ല.

ധനവിഭാഗത്തിന്റെ സഹാധികാരത്തോടു കൂടി തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1) ശ്രീമതി.പ്രീത ജോസഫ്.

2) വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.

3) രജിസ്ട്രാർ/എഫ്.ഒ./സി.ഇ . എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ.

4) ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി., എം. ജി . യു.

5) എ.ആർ.I/ഡി.ആർ.I/ജെ.ആർ.I (ഭ.വി.) / ഫിനാൻസ് 1/ 4 / ഓഡിറ്റ് 1 / 5

6) സർവ്വകലാശാല ഹെൽത്ത് സെന്റർ / എസി.സി./എഡി.ബി.1/എഡി.ഡി.

7) റെക്കോർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 22523/AD A3/3/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 30-Nov-2019 11:16 AM - Page 2